(സി) മുംബൈയിലെ ഇ. ഇ. സി. ഒ. എൻവയൺമെന്റ് ആന്റ് കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ്, ആലപ്പുഴ തുറമുഖത്തിനുവേണ്ടിയും, ഷാർജ (യു. എ. ഇ.) യിലെ യൂണിവേഴ്സൽ പെട്രോളിയം കമ്പനി, അഴീക്കൽ തുറമുഖത്തിനു വേണ്ടിയും താഴെ പറയുന്ന 6 കമ്പനികൾ വിഴിഞ്ഞം തുറമുഖത്തിനുവേണ്ടിയും താൽപര്യപത്ര ങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

1. പോർട്ട് കൺസോർഷ്യം ഇന്റർനാഷണൽ, സൗത്ത് ആഫ്രിക്ക.
2. ബെക്കറ്റ് റാങ്കെൻ, പാർട്ട്ണർഷിപ്പ്, മുംബൈ.
3. എൽ. ആന്റ് റ്റി. (ഇ. സി. സി.) ഡിവിഷൻ, ചെന്നൈ
4. ഐ. എൽ. ആന്റ് എഫ്. എസ്./ഹിലി കമ്പനി, മുബൈ
5. ഗാമൺ ഇൻഡ്യ, മുംബൈ
6. ആഫ് കോൺസ്, മുംബൈ

ഇതിനുപുറമേ ബേപ്പൂർ തുറമുഖത്തിനുവേണ്ടി കോഴിക്കോട്ടുള്ള പാരിസൺസ് ഗ്രൂപ്പ് (ജിം മുഖേന) താല്പര്യ പത്രം നൽകിയിട്ടുണ്ട്.

ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കു ക്ഷേമപ്രവർത്തനങ്ങൾ

*6 [96] ശ്രീ. എം. കുമാരൻ:
,, എൻ. രാജൻ:
,, പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ പുരോഗതിക്കും സഹായത്തിനുമായി സർക്കാർ തലത്തിൽ എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരുന്നുണ്ട്;

(ബി) ദരിദ്രരും അനാഥരുമായ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് സുരക്ഷിത മായി ജീവിക്കുന്നതിന് ഇപ്പോൾ എന്തെല്ലാം സൗകര്യങ്ങളുണ്ട്; എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു;

(സി) അസോസിയേഷൻ ഓഫ് പേരന്റ്സ് ഓഫ് ദി റിട്ടാർഡഡ് എന്ന സംഘടന നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സംഘടനയ്ക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സംഘടന തിരുവനന്തപുരത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആജീവനാന്ത പുനരധിവാസ കേന്ദ്രം ഏറ്റെടുത്ത് ആവശ്യമായ സഹായങ്ങൾ എത്തിച്ചുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ വികൃതികളെ ഹാസ്യരൂപേണ സ്റ്റേജുകളിലും സിനിമകളിലും ടെലിവിഷൻ ചാനലുകളിലും മറ്റും അവതരിപ്പിക്കുന്നത് നിയമം മൂലം തടയുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇവർക്ക് യാത്രാസൗജന്യം നൽകിവരുന്നുണ്ടോ; ഇല്ലെങ്കിൽ നൽകുന്നതിനുള്ള നടടികൾ സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ സംരക്ഷണത്തിനും പരിശീലനത്തിനും പുനരധിവാസത്തിനുമായി വകുപ്പിന്റെ കീഴിൽ മൂന്നു സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. അവ സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ഹാൻഡിക്യാപ്ഡ്, പാങ്ങപ്പാറ, തിരുവനന്തപുരം, പ്രതീക്ഷാഭവൻ തവന്നൂർ, മലപ്പുറം ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, കോഴിക്കോട് എന്നിവയാണ്. കൂടാതെ സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രതിമാസ സ്കോളർഷിപ്പ് നൽകുന്നുണ്ട്. സന്നദ്ധ സംഘടനകൾ നടത്തുന്ന ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

(ബി) ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ സംരക്ഷണത്തിനായി വകുപ്പിന്റെ കീഴിൽ സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ഹാൻഡിക്യാപ്ഡ്, പ്രതീക്ഷാഭവൻ, ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് സംരക്ഷണം, ദൈനംദിന കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും തൊഴിൽ ചെയ്യാൻ പ്രാപ്തിയുള്ളവർക്ക് അവർക്ക് അനുയോജ്യമായ തൊഴിൽ ചെയ്യുവാനുള്ള പരിശീലനം, ചികിത്സ എന്നിവ നൽകി അവരെ പുനരധിവസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. ദരിദ്രരും അനാഥരുമായ ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും പ്രസ്തുത സ്ഥാപനങ്ങളിൽ സംരക്ഷണം നൽകുന്നുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് സന്നദ്ധ സംഘടനകൾ നടത്തുന്ന ഉദ്ദേശം 100 സംഘടനകൾ പ്രവർത്തിക്കുന്നു. ബുദ്ധിമാന്ദ്യം സംഭവിച്ച പ്രായപൂർത്തിയായ സ്ത്രീകളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും വേണ്ടി തൃശ്ശൂരിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി ആന്റ് ഡി) ഇല്ല. ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നാണ് ധനസഹായം നൽകിവരുന്നത്.

(ഇ) ഇല്ല.

(എഫ്) ഇല്ല. കെ. എസ്. ആർ. റ്റി. സി. കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നതിനാൽ അധിക ബാദ്ധ്യതയുണ്ടാക്കുന്ന യാതൊരുവിധ യാത്രാസൗജന്യവും തൽക്കാലം അനുവദിക്കാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly